"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - തദ്ദേശ സ്വയംഭരണ വകുപ്പിൽ സീനിയർ ക്ലർക്ക് ആയ ശ്രീ.ഷൈജുകുമാർ.പി-യ്ക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1447/2022/LSGD തീയതി,തിരുവനന്തപുരം, 15-06-2022

പരാമർശം:-

1. ശ്രീ.ഷൈജുകുമാർ.പി സമർപ്പിച്ച 31.05.2021-ലെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് അപേക്ഷ.
2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 05.02.2022-ലെ ഇ14/6906/2021/സിഇ/തസ്വഭവ നമ്പർ കത്ത്.
3. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 10.01.2022-ലെ (എൽ.ഡിസ്)എം.ആർ 5-61260/2021/ആ.വ.ഡ നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ സീനിയർ ക്ലർക്ക് ആയ ശ്രീ.ഷൈജുകുമാർ.പി-യുടെ മാതാവിന്റെ ചികിത്സയ്ക്ക് തിരുവനന്തപുരം എസ്.കെ ആശുപത്രിയിൽ 10.03.2021 - 07.04.2021 കാലയളവിൽ ചെലവായ `7,55,157/- രൂപ (ഏഴ് ലക്ഷത്തി അമ്പത്തി അയ്യായിരത്തി നൂറ്റി അമ്പത്തിയേഴ് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകണമെന്ന് പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ഇക്കാര്യം പരാമർശം:2 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ ശുപാർശ ചെയ്തിട്ടുണ്ട്.

2.ശ്രീ.ഷൈജുകുമാർ.പി-യുടെ അപേക്ഷയിന്മേൽ പ്രതിപൂരണം ചെയ്യുന്നതിന് അനുവദനീയമായ തുക `4,07,729/- രൂപ (നാല് ലക്ഷത്തി ഏഴായിരത്തി എഴുന്നൂറ്റി ഇരുപത്തിയൊൻപത് രൂപ മാത്രം) ആണെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ പരിശോധിച്ച് പരാമർശം 3 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ സീനിയർ ക്ലർക്ക് ആയ ശ്രീ.ഷൈജുകുമാർ.പി-യുടെ മാതാവിന്റെ ചികിത്സയ്ക്ക് തിരുവനന്തപുരം എസ്.കെ ആശുപത്രിയിൽ 10.03.2021 - 07.04.2021 കാലയളവിൽ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദിക്കാമെന്ന് അറിയിച്ചിരിക്കുന്ന തുകയുടെ 80% ആയ `3,26,183/- രൂപ (മൂന്ന് ലക്ഷത്തി ഇരുപത്തിയാറായിരത്തി ഒരുന്നൂറ്റി എൺപത്തി മൂന്ന് രൂപ മാത്രം) പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. മേൽ തുക 2515-00-001-91-01—04—MR" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും ചെലവഴിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റ്റി.മേയോ ഭാസ്കർ

അണ്ടർ സെക്രട്ടറി

1.ശ്രീ.ഷൈജുകുമാർ.പി, സീനിയർ ക്ലർക്ക് (തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന)
2.ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
(ബില്ലുകളും അനുബന്ധ രേഖകളും സഹിതം).
3.അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ.
4.എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
5.ധനകാര്യ വകുപ്പ് (26.04.2022-ലെ 1998685/Loans-L3/66/2022-FIN നമ്പർ കുറിപ്പ് പ്രകാരം)
6.വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
7.കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by Sreekanth G
Date: 15-06-2022 11:44:07

സെക്ഷൻ ഓഫീസർ